# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 780 08.03.2012 ൽ മറുപടിക്ക്**

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് സംബന്ധിച്ച വിശദാംശങ്ങൾ

**ചോദ്യം** | **മറുപടി**

ശ്രീ. സി.പി.മുഹമ്മദ്:
ശ്രീ. വി.പി.സജീന്ദ്രൻ:
ശ്രീ. എം.എ.വാഹീദ്:
ശ്രീ. ഐ.സി.ബാലകൃഷ്ണൻ:

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവവകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തെ സംബന്ധിച്ച് നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാന മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പ്രധാന മന്ത്രിയേയും മറ്റ് കേന്ദ്ര മന്ത്രിമാരേയും പുതിയ ഡാമിന്റെ അനിവാര്യത വിവിധ ചർച്ചകളിലൂടെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ആയത് സംബന്ധിച്ച് കേരളത്തിന്റെ നിലപാട് സുപ്രീംകോടതിയെയും തമിഴ്നാട് സർക്കാരിനെയും ബോദ്ധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള വിശദമായ പഠന റിപ്പോർട്ടുകൾ കേരളം സുപ്രീംകോടതിയിലും, എംപവേർഡ് കമ്മിറ്റിയ്ക്കു മുൻപാകെയും നൽകിയിട്ടുണ്ട്. ബഹു. കേരള മുഖ്യമന്ത്രി ബഹു.തമിഴ്നാട് മുഖ്യമന്ത്രിക്ക് നിലവിലുള്ള സ്ഥിതിഗതികൾ വിശദമാക്കിക്കൊണ്ട് ഇതിനോടകം കത്തുകൾ അയച്ചിട്ടുണ്ട്. |
| (സി) തമിഴ്നാട്ടിലെ ജനങ്ങളെ കേരളത്തിന്റെ നിലപാട് ബോദ്ധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് | (സി) ബഹു. കേരള മുഖ്യമന്ത്രി തമിഴ്നാട് ജനതയോടു കേരളത്തിന്റെ നയം വ്യക്തമാക്കാനായി അവിടത്തെ |

| | |
|---|---|
| സ്വീകരിച്ചിട്ടുള്ളത്; ആയത് സംബന്ധിച്ച് തമിഴ്നാട്ടിലെ വാർത്താമാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുണ്ടോ? | പ്രമുഖ ദൃശ്യമാധ്യമങ്ങളുടെയും, പത്രങ്ങളുടെയും പ്രതിനിധികളുമായി തിരുവനന്തപുരത്തുവച്ച് വിശദമായ ഒരു കൂടിക്കാഴ്ചയും ചർച്ചയും നടത്തുകയുണ്ടായി. കൂടാതെ ദൃശ്യമാധ്യമങ്ങൾ വഴിയും, പത്രങ്ങൾ മുഖേനയും കേരളം മുല്ലപ്പെരിയാർ വിഷയത്തിൽ നയം വ്യക്തമാക്കി കൊണ്ടുള്ള സന്ദേശങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ